കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ചാലക്കുടി, ഗുരുവായൂർ, ചാവക്കാട്, കുന്നംകുളം, ഷൊർണ്ണൂർ, ഒറ്റപ്പാലം, പാലക്കാട്, തലശ്ശേരി, കണ്ണൂർ, പയ്യന്നൂർ എന്നീ മുനിസിപ്പാലിറ്റികളിലും വൈദ്യുതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള പരിപാടികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു. കൂടാതെ അടൂർ, പത്തനംതിട്ട, തിരുവല്ല, തിരൂർ, മലപ്പുറം, മഞ്ചേരി, പെരിന്തൽമണ്ണ, പൊന്നാനി, കാഞ്ഞങ്ങാട്, കാസർഗോഡ് എന്നീ മുനിസിപ്പാലിറ്റികളിൽ എ.പി.ഡി.ആർ.പി. സർക്കിൾതല പദ്ധതിയനുസരിച്ചും വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(സി) 475 കോടി രൂപ.

(ഡി) 31-3-2006-നകം ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതിരംഗത്ത് കൊച്ചി നഗരത്തിന്റെ വികസന സാദ്ധ്യത

22 [1110] ശ്രീ. കെ. ബാബു :
,, ടി. യു. രാധാകൃഷ്ണൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരത്തിന്റെ ഭാവി വികസന സാദ്ധ്യതകൾ എന്തെല്ലാമാണെന്ന് വൈദ്യുതി ബോർഡ് പഠിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് വൈദ്യുതിരംഗത്ത് നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ ; എങ്കിൽ അവയെന്തെന്ന് വിശദീകരിക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും അതിനെന്ത് ചെലവ് വരുമെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചി നഗരത്തിന്റെ ഭാവി വികസന സാദ്ധ്യതകൾ കണക്കിലെടുത്ത് വിദ്യുച്ഛക്തി മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് രൂപം നൽകി വരുന്നു. ഇതിന്റെ ഭാഗമായി കൊച്ചി പലർ ഓഗ്മെന്റേഷൻ പ്രോഗാം (കെ.പി.എ.പി.)-ന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. കൂടാതെ വിതരണ മേഖലയിലും, ഉപപ്രസരണ മേഖലയിലും 200 കോടി രൂപയുടെ നവീകരണ പദ്ധതി ഭാരത സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) 2007-ഓടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത കേന്ദ്ര സഹായ പദ്ധതിക്ക് 200 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

GCPT. 2/2311/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly